(ബി) പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് ഉടൻ നിയമനം നൽകാൻ കോർപ്പറേഷന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിയമനം നൽകാൻ നിർദ്ദേശം നൽകിക്കഴിഞ്ഞു.

കെ. എസ്. ആർ. ടി. സി. റൂട്ട് ദേശസാൽക്കരണം

302 [329] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാലുവർഷങ്ങളിൽ പുതുതായി കെ.എസ്.ആർ.ടി.സി. റൂട്ടുകൾ ദേശസാൽക്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം?

ഉത്തരം

(എ) ഇല്ല

(ബി) ചോദ്യം ഉദിക്കുന്നില്ല.

യാത്രാക്ലേശം പരിഹരിക്കുവാനായി ആവശ്യപ്പെട്ട് ഫയൽ ചെയ്ത കേസ്

303 [330] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം—നെയ്യാറിൻകര പ്രദേശങ്ങളിലെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി സ്വകാര്യ ബസ്സ് സർവ്വീസ് നടത്താൻ അനുവാദം തരണമെന്ന് കാണിച്ച് ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന കേസിന്റെ വിധി ആയോ;

(ബി) പ്രത്യേക നിർദ്ദേശം വല്ലതും വിധിന്യായത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്ത്; അതിനെന്ത് പരിഹാര നടപടി സ്വീകരിച്ചു?

ഉത്തരം

(എ) അപ്രകാരം ഒരു കേസ് ആരെങ്കിലും ഫയൽ ചെയ്തതായി ഗവൺമെന്റിന് വിവരം ഒന്നും ലഭിച്ചിട്ടില്ല.

(ബി,സി) ചോദ്യം ഉദിക്കുന്നില്ല.

ഫെയർ സ്റ്റേറേജ് നിർണ്ണയം

304 [331] ശ്രീ. പി. സി. ജോർജ്ജ്:

ഡോക്ടർ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് ബസ്സുകളുടെ ഫെയർ സ്റ്റേറേജുകളുടെ നിർണ്ണയത്തിലുള്ള അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് എത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവയിൻമേൽ എന്തു തീരുമാനം കൈക്കൊണ്ടു;

(സി) എത്ര കിലോമീറ്റർ ദൈർഘ്യത്തിനാണ് ഒരു ഫെയർ സ്റ്റേജ് നിർണ്ണയിക്കുന്നത്;

(ഡി) 3 കിലോമീറ്ററിനുള്ളിൽ 3 ഫെയർ സ്റ്റേജ് നിർണ്ണയിച്ചതുമൂലം കുട്ടനാട്ടിലെ കരുവാറ്റമല മുതൽ ഊരവഴിയുള്ള ഭാഗത്തുണ്ടായിട്ടുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ അപാകത പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഫെയർ സ്റ്റേജുകളുടെ നിർണ്ണയത്തിലുള്ള അപാകതകൾ സംബന്ധിച്ച് കെ.എസ്.ആർ.ടി.സി. ഫെയർ സ്റ്റേജുകളെപ്പറ്റിയും മറ്റു ഫെയർ സ്റ്റേജുകളെപ്പറ്റിയും കുറെ അധികം പരാതികൾ കിട്ടിയിട്ടുണ്ട്.

(ബി) ഇവയിൽ ട്രാൻസ്പോർട്ട് കമ്മീഷണർ 7 പരാതികളെപ്പറ്റി ആർ. ടി. ഒ. മാരെക്കൊണ്ട് വിശദമായ അന്വേഷണം നടത്തുകയും. ആ അന്വേഷണപ്രകാരം പുതിയ ഫെയർ സ്റ്റേജ് പുനർ നിർണ്ണയം ചെയ്യേണ്ടതില്ല എന്ന് തെളിയുകയും ഉണ്ടായിട്ടുണ്ട്. 12-4-1985-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് അനുസരിച്ച് നിലവിലുള്ള ഫെയർ സ്റ്റേജുകൾ അങ്ങനെത്തന്നെ തുടരും എന്നുള്ള നിർദ്ദേശംകൊണ്ട് മറ്റു പരാതികളുടെ മേൽ പുതിയ നടപടികൾ എടുക്കേണ്ടിവന്നില്ല.

(സി) ഏകദേശം 2.5 കി.മീ. ആണ് സാധാരണ സർവ്വീസിന് ഒരു ഫെയർ സ്റ്റേജിന്റെ ദൈർഘ്യമായി സ്വീകരിച്ചിട്ടുള്ളത്. എങ്കിലും ചില സ്ഥലങ്ങളിൽ ഈ ദൈർഘ്യം അൽപ്പം കുറയുന്നതിനോ കൂടുന്നതിനോ സാദ്ധ്യതയുണ്ട്. ഫെയർ സ്റ്റേജ് നിർണ്ണയിക്കുമ്പോൾ അതാതു സ്ഥലത്തിന്റെ പ്രാധാന്യവും പ്രത്യേകതയും കണക്കിലെടുത്താണ് നിശ്ചയിക്കുന്നത്.

(ഡി, ഇ) ഇത് കെ. എസ്. ആർ. ടി. സി.യുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ കെ. എസ്. ആർ. ടി. സി. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

യൂണിഫോം വിതരണം

305 [332] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് കോർപ്പറേഷൻ ജീവനക്കാർക്ക് എന്നാണ് യൂണിഫോം വിതരണം ചെയ്തത്;

(ബി) വർഷംതോറും യൂണിഫോം വിതരണം ചെയ്യണമെന്ന് വ്യവസ്ഥയുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തുകൊണ്ടാണ് വർഷംതോറും വിതരണം ചെയ്യാതിരിക്കുന്നത്;

(ഡി) ഇനി എന്നത്തേയ്ക്ക് യൂണിഫോം വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly